യുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്ന് ആറു കോടി രൂപയുടെ സാമ്പത്തികസഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും സഹായമൊന്നും ഇതുവരെ ലഭിച്ചില്ല.

ശ്രീ. ടി. എ. മജീദ്: ഭൂമി വാങ്ങിച്ചുകൊടുക്കുന്ന ഈ പരിപാടി അനുസരിച്ച് പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നത എന്തു മാനദണ്ഡം വച്ചു കൊണ്ടാണ്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: പ്രത്യേകമായ മാനദണ്ഡം ലക്ഷംവീട് പദ്ധതിയനുസരിച്ചുള്ള നൂറു വീടുകളും പൂർത്തിയാക്കിയ പഞ്ചായത്തുകളെക്ക് മുൻഗണനയുണ്ട്. രണ്ടാമത് ഈ അപേക്ഷകളെ പരിഗണിച്ചപ്പോൾ നൂറു വീടുകളെക്ക് അപ്പുറത്ത് കൂടുതൽ അപേക്ഷകളുള്ള പഞ്ചായത്തുകളെക്ക് പരിഗണനയുണ്ട്. ആറായിരം പേർക്കേ കൊടുക്കാൻ ഒക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് ഇതിൽക്കവിഞ്ഞുള്ള പരിഗണനയൊന്നുമില്ല.

ശ്രീ പി. ആർ. ഫ്രാൻസിസ്: ലക്ഷംവീട് പദ്ധതിയനുസരിച്ച് നൂറു വീടുകളെ പൂർത്തിയാക്കിയ പഞ്ചായത്തുകളെക്കും, ഭൂമി കൊടുത്താൽ വീട് പണിതുകൊടുക്കുമെന്ന് ഗവർണറിയുള്ള പഞ്ചായത്തുകളെക്കും ഈ കാര്യത്തിൽ കൂടുതൽ പരിഗണന നൽകാൻ ദയവുണ്ടാകുമോ?

ശ്രീ എം. എൻ. ഗോവിന്ദൻനായർ: അങ്ങനെയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്.

(II) SHORT NOTICE QUESTION AND ANSWER

കാർഷികമേഖലയിലെ ലോകബാങ്ക് പദ്ധതി—വാഷിംഗ്ടണിൽവെച്ച് ഡിസംബർ 20-ന് നടക്കുന്ന ചർച്ചകളെ

* 38. [1] ശ്രീ. എൻ. പി. അച്ചുതൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങളെക്ക് കൃഷി-തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയിൽ ലോകബാങ്കിന്റെ സഹായത്തോടെ ഗവൺമെന്റ് എന്ത് പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനെ സംബന്ധിച്ച് വാഷിംഗ്ടണിൽ വെച്ച് 1976 ഡിസംബർ 20 മുതൽ എന്തെങ്കിലും ചർച്ചകളെ നടക്കുന്നുണ്ടോ;

(സി) ഈ ചർച്ചകളിൽ കേരളത്തെ പ്രതിനിധീകരിച്ച് ആരൊക്കെയാണ് പങ്കെടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണ്;

(ഇ) ഈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കുന്നത്?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) സംസ്ഥാനത്തെ തെങ്ങ്, കുരുമുളക്, കശുമാവ് എന്നീ വൃക്ഷവിളകളുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി റബ്ബർ ബോർഡിന്റെ കീഴിൽ റബ്ബർ പ്രോസസിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി 10 ക്രംബ് റബ്ബർ ഫാക്ടറികൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഒരു വിത്തുൽപാദനകേന്ദ്രം [illegible]

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) വാഷിംഗ്ടണിലെ ചർച്ചകളിൽ സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് കാർഷികോൽപാദന കമ്മീഷണർ ശ്രീ. പി. ജി. മുരളീധരനും കൃഷി ഡയറക്ടർ ശ്രീ. എസ്. ഗോപാലനും പങ്കെടുക്കുന്നുണ്ട്. റബ്ബർ ബോർഡിനെ പ്രതിനിധീകരിച്ച് റബ്ബർ ബോർഡ് ചെയർമാൻ ശ്രീ. കെ. എം. ചാണ്ടിയും പങ്കെടുക്കുന്നുണ്ട്.

(ഡി) ചെറുകിട കർഷകർ ബാങ്കുകൾ മുഖേന സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഹ്രസ്വകാല വായ്പകൾ ഉൾപ്പെടെ പദ്ധതിയുടെ മൊത്തംതുക 246.60 കോടി രൂപയായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ഇ) കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ നാളികേരവികസനവും, കോട്ടയം, ഇടുക്കി, കണ്ണൂർ ജില്ലകളിൽ കുരുമുളക് വികസനവും, മലപ്പുറം ജില്ലയിൽ നിലമ്പൂരിൽ ഒരു വിത്തുൽപാദന കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ കണ്ണൂർ ജില്ലയിൽ കശുമാവുകൃഷി അഭിവൃദ്ധിപ്പെടുത്തുക, റബ്ബർ പ്രോസസിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്തൊട്ടാകെ 10 കുംബ് റബ്ബർ ഫാക്ടറികൾ റബ്ബർ ബോർഡ് മുഖേന സ്ഥാപിക്കുക എന്നിവയും ഈ ലോകബാങ്ക് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : 246 കോടിയിലധികം ഉറുപ്പിക ചെലവു വരുന്നതും വിവിധ ഇനം വിളകൾ വർദ്ധിപ്പിക്കുന്നതിനും ഉള്ളതായ ഈ വലിയ പദ്ധതിയുടെ പ്രയോജനത്തിൽനിന്ന് പാലക്കാട്, ആലപ്പുഴ, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളെ എന്തുകൊണ്ടാണ് ഒഴിവാക്കിയിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ലോകബാങ്കിന്റെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ലോകബാങ്കിൽനിന്നുള്ള ടീം നാലുതവണ കേരളം സന്ദർശിച്ചു. ഈ നാലു തവണയുമായി അവർ ഈ കേരളത്തിൽ മിക്കവാറും മുഴുവൻ ഭാഗങ്ങളും സഞ്ചരിച്ച് സന്ദർശിക്കുകയുണ്ടായി. നാളികേരവികസനം അതിലെ ഒരു പ്രധാന ഇനമാണ്. നാളികേര വികസനത്തെ സംബന്ധിച്ചിടത്തോളം ഡിസീസ് അഫക്ടഡ് ഏരിയായിൽ ഇതു നടത്തുകയില്ലെന്ന് അവർ നിർബന്ധമായി പറയുകയുണ്ടായി. ഇതൊരു വയബിൾ സ്കീമായി നടപ്പിലാക്കണമെന്നുണ്ടെങ്കിൽ ഡിസീസ് അഫക്ടഡ് ഏരിയായിൽ നടപ്പിലാക്കുകയില്ലെന്ന് നിർബന്ധമായ നിലപാട് ലോകബാങ്ക് എടുത്തതുകൊണ്ടാണ് ഈ ജില്ലകൾ ഒഴിവാക്കപ്പെട്ടത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : കേരള ഗവൺമെന്റിന്റെ കൃഷി വകുപ്പിന്റെ ഔദ്യോഗിക വക്താക്കൾ തെങ്ങുരോഗം ബാധിച്ച പ്രദേശങ്ങളിൽ അത് നിവാരണം ചെയ്യുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഏക പരിഹാരമാർഗ്ഗം വൻതോതിൽ നിലവിലുള്ള രോഗം ബാധിച്ച തെങ്ങുകൾ നശിപ്പിച്ച് പുതിയ ഇനം സങ്കരഇനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുകയാണെന്നു പ്രഖ്യാപിക്കുകയും അങ്ങനെ ചെയ്യണമെന്ന് കൃഷിക്കാരെ ഉപദേശിക്കുകയും ചെയ്തിരിക്കുമ്പോൾ ഈ പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്ന കാര്യത്തിൽ രോഗബാധിതമായ ജില്ലകളെ ഒഴിവാക്കുന്നത് നീതിപൂർവ്വകമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വക്കം പുരുഷോത്തമൻ : ഞാൻ തറപ്പിച്ചു പറഞ്ഞതു് മെമ്പർ മനസ്സിലാക്കണം. വേൾഡ് ബാങ്കാണു് ഇതെല്ലാം തിരഞ്ഞെടുത്തതു്, സംസ്ഥാന ഗവൺമെൻറല്ല. സംസ്ഥാന ഗവൺമെൻറുദ്യോഗസ്ഥൻമാർ വേൾഡ് ബാങ്കിനു് വേണ്ടുന്ന അസിസ്റ്റൻസു കൊടുക്കുകയാണു് ചെയ്തതു്. രണ്ടാമത്തെ കാര്യം ഗവൺമെൻറു് സമ്മതിക്കുന്നു രോഗബാധിത പ്രദേശങ്ങളിൽ റീപ്ലാൻറിംഗ് വേണം. അതിനു് സംസ്ഥാന ഗവൺമെൻറു് ഒരു സ്കീം ഉണ്ടാക്കുന്നുണ്ടു്. പൈലറ്റ് പ്രോജക്റ്റ് സ്കീം ഇവിടെ നടപ്പിലാക്കുന്നുണ്ടു്. കൂടുതൽ സ്ഥലത്തു് നടപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറു് നടപടികളും സ്വീകരിച്ചു വരുന്നുണ്ടു്. വേൾഡ് ബാങ്കു് രോഗബാധിത പ്രദേശങ്ങളിൽ ഇതിനു് സഹായം നൽകുകയില്ലെന്നു പറഞ്ഞതുകൊണ്ടാണു് ബുദ്ധിമുട്ടു വന്നതു്.

[ശ്രീ. പി. ജെ. ജോസഫ് : ഇതിൽ കേരകൃഷിക്കും കുരുമുളകു് കൃഷിക്കും പ്രത്യേകമായി എത്ര തുകയാണു് അവർ പ്രപ്പോസു് ചെയ്തിരിക്കുന്നതെന്നു് പറയാമോ ?

[ശ്രീ. വക്കം പുരുഷോത്തമൻ : വളരെ വിശദമായിട്ടുള്ള കാര്യങ്ങളൊന്നും എൻറെ കയ്യിലില്ല.

Coconut and pepper—Rs. 42 crores.

Seed Garden Complex-Staff and other facilities—Rs. 16.51 crores.

പ്ലാൻറേഷൻ കോർപ്പറേഷൻ കാഷ്യൂവിനുവേണ്ടി 5.1 കോടി ഉറുപ്പികയും റബ്ബർ ബോർഡിൻറെ കീഴിൽ പ്രൊമ്പു റബ്ബറിനുവേണ്ടി 8.2 കോടി രൂപയുമാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

(III) WRITTEN ANSWERS

തടവുകാർക്കു് ശിക്ഷയിൽ അനുവദിച്ചിട്ടുള്ള ഇളവു്

* 39. [66] [ശ്രീ. സി. ബി. സി. വാര്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) 1976 ഒക്ടോബറിൽ മന്ത്രിസഭ 6 വർഷം തികച്ചതിനെ ആഘോഷിക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ ജയിലുകളിലുള്ള തടവുകൾക്കു് വിവിധ രൂപത്തിലുള്ള ശിക്ഷ ഇളവു് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഇളവിൻറെ വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഇളവുമൂലം എത്രപേർക്കു് തടവിൽനിന്നും മോചനം ലഭിച്ചു ;

(ഡി) മോചനത്തിനുള്ള അർഹത നിർണ്ണയിക്കുന്നതിനു ജയിലിൽ കിടന്ന വർഷം കണക്കാക്കുന്നിടത്തു് ജയിൽ ചട്ടങ്ങൾ പ്രകാരവും മറ്റും അവർ നേടിയിട്ടുള്ള ഇളവുകളും കണക്കിലെടുക്കാൻ വ്യവസ്ഥപ്പെടുത്താതിരുന്നതുമൂലം ഈ ഇളവിൻറെ പ്രയോജനം ദീർഘനാൾ ജയിൽവാസം അനുഭവിച്ചിട്ടുള്ള ഒരു വലിയ വിഭാഗത്തിനു് പ്രയോജനം ചെയ്യാതെ പോയി എന്നു് ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly